LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ അഴിമതി ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം (V.E.30/06/SIU-I) നടത്തുകയും അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം മുൻപാകെ 19-3-2013-ൽ അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 105 രേഖകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്.

(ബി&സി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിൻമേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28-8-14-ൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് മുൻ ചെയർമാൻ ശ്രീ. ടി. ബാലകൃഷ്ണൻ സമർപ്പിച്ച Crl MA 5630/2014 in Crl (RP) 1568/14-മേൽ 1-9-2014-ന് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 28-8-2014-ലെ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ നീട്ടിവച്ചിരിക്കുകയാണ്.

(ഡി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. ജയൻ, ശ്രീ. ജി. സുനിൽ (സേവ് ടൈറ്റാനിയം ഫോറം) എന്നിവരുടെ പരാതികൾ ആണ് അന്വേഷണ വിധേയമാക്കിയത്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾ

263 (3897) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കേസുകളിൽ വിജിലൻസിന്റെ വകുപ്പുതല അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായി ; എത്ര കേസ്സുകളിൽ അന്വേഷണ റിപ്പോർട്ട് ഡയറക്ടർക്ക് നൽകി ; ഡയറക്ടർക്ക് ലഭിച്ച എത്ര റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) ഏതെങ്കിലും കേസുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; അതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) വിജിലൻസ് കേസുകളിൽ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതുവേ വകുപ്പുതല അന്വേഷണങ്ങൾക്ക് വിജിലൻസ് ബ്യൂറോ ശിപാർശ ചെയ്യുന്നില്ല. മറിച്ച് പ്രോസിക്യൂഷൻ നടപടികളോ വകുപ്പുതല നടപടികളോ ആണ് ശിപാർശ ചെയ്യുന്നത്. വിജിലൻസ് ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അഴിമതി നിരോധന നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ തക്കവിധം കഴമ്പുള്ള ആരോപണങ്ങൾ ഇല്ലാത്തതും എന്നാൽ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ട ലംഘനം, നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ച തുടങ്ങിയവ ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉൾക്കൊള്ളുന്നതുമായ പരാതികൾ വിജിലൻസ് ബ്യൂറോ മറ്റു വകുപ്പുതല വിജിലൻസ് അന്വേഷണ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളുടെ തലവൻമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്.

(ബി&സി) മേൽ വിവരിച്ച പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുന്ന പരാതികളിൻമേലുള്ള വകുപ്പുതല അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ അതാത് വകുപ്പ് തലവൻമാർക്കാണ് അതാത് വകുപ്പുകളിലെ വിജിലൻസ് സെല്ലുകൾ സമർപ്പിക്കുന്നത്. വിജിലൻസ് ഡയറക്ടർക്ക് ഈ റിപ്പോർട്ടുകൾ സമർപ്പിക്കാറില്ല.

കേരളത്തിലെ ജയിലുകളിൽ കഴിയുന്ന വിദേശിയർ

264 (3898) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ കേസുകളിലായി എത്ര വിദേശീയർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നുണ്ട്; ഏതെല്ലാം ജയിലിൽ എത്ര വിദേശികൾ വീതമാണുള്ളത്; ശിക്ഷാകാലാവധി പൂർത്തിയായി മോചനം കാത്ത് ജയിലുകളിൽ കഴിയുന്ന വിദേശികൾ എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly